# ജി20 വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിനായി വിദേശകാര്യ സഹമന്ത്രി വി. മുരളീധരൻ ബ്രസീൽ സന്ദർശിക്കും

ഫെബ്രുവരി 19, 2024

റിയോ ഡി ജനീറോയിൽ 2024 ഫെബ്രുവരി 21-22 തീയതികളിൽ നടക്കുന്ന ജി20 വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ (FMM) വിദേശകാര്യ സഹമന്ത്രിയും പാർലമെന്ററികാര്യ മന്ത്രിയുമായ ശ്രീ. വി. മുരളീധരൻ ഇന്ത്യയെ പ്രതിനിധീകരിക്കും. 2012 മുതൽ ജി20 വിദേശകാര്യ മന്ത്രിമാർ ഒരു ഗ്രൂപ്പായി യോഗം ചേർന്നുവരുന്നുണ്ട്. റിയോയിൽ നടക്കുന്നത് വിദേശകാര്യ മന്ത്രിമാരുടെ പത്താമത്തെ യോഗമാണ്. ജി20 വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിന് ഇപ്പോൾ കൂടുതൽ പ്രാധാന്യം കൈവന്നിട്ടുണ്ട്. വിവിധങ്ങളായ അന്താരാഷ്ട്ര പ്രശ്നങ്ങളും ജി20 അംഗങ്ങൾക്കിടയിൽ പങ്കിടുന്ന ബന്ധപ്പെട്ട വിഷയങ്ങളും ചർച്ച ചെയ്യുന്ന ഒരു പ്രധാനപ്പെട്ട ചർച്ചാ ഫോറമാണ് ഇപ്പോളത്.

2023 ഡിസംബർ 1-ന് ഇന്ത്യയിൽ നിന്ന് ജി20 പ്രസിഡൻസി ഏറ്റെടുത്ത ശേഷം ബ്രസീലിന്റെ പ്രസിഡൻസിക്ക് കീഴിൽ നടക്കുന്ന ആദ്യത്തെ മന്ത്രിതല യോഗമാണ് ജി20 വിദേശകാര്യ മന്ത്രിമാരുടെ യോഗം.

ഇന്ത്യ നിലവിൽ ബ്രസീലിനും ദക്ഷിണാഫ്രിക്കയ്ക്കുമൊപ്പം G20 ട്രോയിക്കയിൽ അംഗമാണ്. 'ഒരു നീതിയുക്തമായ ലോകവും സുസ്ഥിരമായ ഗ്രഹവും നിർമ്മിക്കുക' എന്ന പ്രമേയം സ്വീകരിച്ചിട്ടുള്ള ബ്രസീലിന്റെ G20 മുൻഗണനകൾക്ക് ഇന്ത്യ പിന്തുണ അറിയിച്ചിട്ടുണ്ട്. പ്രമേയം മുന്നോട്ട് വയ്ക്കുന്നത് ഇവയാണ്, (i) സാമൂഹികമായ ഉൾപ്പെടുത്തലും വിശപ്പിനും ദാരിദ്ര്യത്തിനും എതിരായ പോരാട്ടവും; (ii) ഊർജ്ജ പരിവർത്തനങ്ങളും സുസ്ഥിര വികസനവും; (iii) ആഗോള ഭരണ പരിഷ്ക്കാരങ്ങൾ. ഇന്ത്യയുടെ G20 പ്രസിഡൻസിയുടെ എല്ലാ പ്രവർത്തന ഗ്രൂപ്പുകളും സംവിധാനങ്ങളും ബ്രസീലിയൻ പ്രസിഡൻസിക്ക് കീഴിലും തുടരുന്നു. സ്ത്രീ ശാക്തീകരണത്തിനായി ഒരു പുതിയ പ്രവർത്തന ഗ്രൂപ്പും "ജുഡീഷ്യറി 20" എന്ന പുതിയ ഇടപെടൽ ഗ്രൂപ്പും ബ്രസീൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സന്ദർശന സമയത്ത്, വിദേശകാര്യ സഹമന്ത്രി ശ്രീ. വി. മുരളീധരൻ "തുടർന്നുവരുന്ന അന്താരാഷ്ട്ര സംഘർഷങ്ങളിൽ ജി20-യുടെ പങ്ക്" എന്ന വിഷയത്തിലും "ആഗോള ഭരണ പരിഷ്ക്കാരം" എന്ന

വിഷയത്തിലും ഉള്ള വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കും. 2024 ഫെബ്രുവരി 22-ന് ഇന്ത്യ-ബ്രസീൽ-ദക്ഷിണാഫ്രിക്ക (IBSA) വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിലും അദ്ദേഹം പങ്കെടുക്കും. വിദേശകാര്യ മന്ത്രിമാരുടെ യോഗത്തോട് അനുബന്ധിച്ച്, ഗ്ലോബൽ സൗത്തിൽ നിന്നുള്ള പങ്കാളി രാജ്യങ്ങളുമായി അദ്ദേഹം ഉഭയകക്ഷി യോഗങ്ങൾ നടത്തും.

**ന്യൂഡൽഹി**
**ഫെബ്രുവരി 19, 2024**